## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5481** **01.07.2019 ൽ മറുപടിയ്ക്ക്**

## സോളാർ വൈദ്യുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി. കെ. സി. മമ്മത് കോയ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സ്വന്തമായി കെട്ടിട സൗകര്യമുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | എല്ലാ സർക്കാർ കെട്ടിടങ്ങളുടെയും മുകളിൽ സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുക എന്നതാണ് സർക്കാർ നയം. ആദ്യപടി എന്ന നിലയിൽ സിവിൽ സ്റ്റേഷനുകളിൽ സോളാർ വൈദ്യുതീകരണം നടത്താനുള്ള ശ്രമം നടത്തുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ സ്വകാര്യ വ്യക്തികൾക്കും സംരംഭങ്ങൾക്കും സർക്കാരിന്റെ ഭാഗത്തു നിന്ന് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (ബി) | കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി 3 മാസം കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. വ്യക്തികൾക്ക് ഈ സൗകര്യം ഉപയോഗിക്കാവുന്നതാണ്. സ്വകാര്യ സംരംഭകരെയും പൊതുമേഖല സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ച് അനെർട്ട് എംപാനൽ ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് നിലയം സ്ഥാപിച്ചു നല്കുന്നത്.<br>അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത സബ്സിഡി അനെർട്ട് വഴിയാണ് വിതരണം ചെയ്യുന്നത്.<br>ഇതു കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ